"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.മനോജ്.പി., കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.882/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 15.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2676/2023/H&FWD തീയതി,തിരുവനന്തപുരം, 13-10-2023

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.
2. ഡോ.മനോജ്.പി., കൺസൾട്ടന്റ് സമർപ്പിച്ച അപ്പീൽ അപേക്ഷ (Annexure A6)
3. OA(EKM) No.882/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 15.06.2023-ലെ ഉത്തരവ്.
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി കേഡറിലെ കൺസൾട്ടന്റ്മാരുടെ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിട്ടും സ്ഥലംമാറ്റത്തിന് പരിഗണിക്കാത്തതിനെതിരെ ഓർത്തോപീഡിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ.മനോജ്.പി. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.882/2023 ഫയൽ ചെയ്യുകയും ഉണ്ടായി. അപേക്ഷകൻ സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ

381727 GOVERNMENT OF KERALA

കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ട്രൈബ്യൂണൽ നിർദ്ദേശം നൽകി.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷകൻ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3)അപ്പീലിലെ ആവശ്യം ചുവടെ ചേർക്കുന്നു:

19.02.2020 മുതൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ ജോലി നോക്കി വരുന്നു. ഹോം സ്റ്റേഷൻ മലപ്പുറമാണ്. നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് ഉൾപ്പെടുത്തിക്കൊണ്ട് കരട് സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു (opted station). എന്നാൽ അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ സ്ഥലംമാറ്റം ഒഴിവാക്കി. നിലവിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ആരേയും നിയമിച്ചിട്ടില്ല. ഭാര്യ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്നു. ആയതിനാൽ സ്ഥലംമാറ്റത്തിലെ അപാകത പരിഹരിച്ച് ഹോം സ്റ്റേഷനിൽ നിയമനം അനുവദിക്കണം.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 19.02.2020 മുതൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ തുടർന്നുവന്നിട്ടും സ്ഥലംമാറ്റത്തിന് പരിഗണിക്കാത്തതിനെതിരെയാണ് ഡോ.മനോജ്.പി. അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. NBEMS guideline പ്രകാരം faculty status maintain ചെയ്യുന്നതിനായി MD/MS/DNB എന്നിവയിൽ 8 വർഷത്തെ പോസ്റ്റ് ഗ്രാജ്യുവേറ്റ് ജോലിപരിചയമുള്ള മെഡിക്കൽ ഓഫീസർമാരെ പാലക്കാട് ജില്ലാ ആശുപത്രിയിൽ നിലനിർത്തേണ്ടതുണ്ട്. പ്രസ്തുത യോഗ്യതയുള്ള മെഡിക്കൽ ഓഫീസർമാരുടെ അപേക്ഷ ടി സ്ഥാപനത്തിലേക്ക് ലഭിച്ചിട്ടില്ല. പാലക്കാട് ജില്ലാ ആശുപത്രിയിൽ നിലവിൽ NBEMS മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള MD/MS/DNB 8 വർഷത്തെ പ്രവർത്തന പരിചയം ഡോ.മനോജ്.പി. യ്ക്ക് മാത്രമേയുള്ളൂ. ആയതിനാൽ ടിയാന് സ്ഥലം മാറ്റം നൽകാൻ ഭരണപരമായ കാരണങ്ങളാൽ കഴിയാത്തതുകൊണ്ട് മെഡിക്കൽ ഓഫീസറുടെ അപ്പീൽ നിരസിക്കുവാൻ കമ്മിറ്റി തീരുമാനിച്ചു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് ഓർത്തോപീഡിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ.മനോജ്.പി. പരാമർശം (1) സ്ഥലംമാറ്റത്തിനെതിരെ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.882/2023-ന്മേലുള്ള 15.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.
Dr.Manoj.P., Consultant (Orthopaedics), Poyilil House, Elankur.P.O., Manjeri via, Malappuram - 676 122.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.pg
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 16-10-2023 11:35:52
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ1- 5159/2023/ആ.വ.ഡ, തീയതി 18.10.2023
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി

0381659 GOVERNMENT OF KERALA